# പത്രക്കുറിപ്പ് (09.07.2017 )

## തൃശ്ശൂർ സിറ്റി പോലീസ് പരിധിയിലെ 'combing operation'-ൽ ഗുണ്ടാസംഘാംഗങ്ങൾ ഉൾപ്പടെ 121 സാമൂഹ്യ വിരുദ്ധർ അറസ്റ്റിലായി.

ബഹു. തൃശ്ശൂർ റേഞ്ച് ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് ശ്രീ. എം.ആർ അജിത്ത് കുമാർ IPS ൻെറ നിർദ്ദേശപ്രകാരം തൃശ്ശൂർ സിറ്റി പോലീസ് കമ്മീഷണർ ശ്രീ. നാരായണൻ. ടി IPS ൻെറ നേതൃത്വത്തിൽ തൃശ്ശൂർ സിറ്റി പോലീസ് പരിധിയിൽ ഇന്നലെ നടത്തിയ 'combing operation'-ൽ ഗുണ്ടാസംഘാംഗങ്ങൾ ഉൾപ്പടെ 121 സാമൂഹ്യ വിരുദ്ധർ അറസ്റ്റിലായി. നാല് അസി. പോലീസ് കമ്മീഷണർമാരുൾപ്പടെ 119 പോലീസ് ഉദ്യോഗസ്ഥരെ തൃശ്ശൂർ സിറ്റി പോലീസ് പരിധിയിൽ ഉടനീളം വിന്യസിച്ചുകൊണ്ടാണ് 'combing operation' നടത്തിയത്. 'combing operation' ൻെറ ഭാഗമായി ഗുണ്ടാ സംഘാംഗങ്ങളുടെ ഒളിസങ്കേതങ്ങളിൽ പ്രത്യേകം പരിശോധന നടത്തിയ പോലീസ് 68 ഹോട്ടലുകളിലും, ലോഡ്ജുകളിലും റെയിൽവേ സ്റ്റേഷനുകളിലും ബസ്സ് സ്റ്റാൻഡുകളിലും പരിശോധന നടത്തുകയും ചെയ്തു. ബസ്സ് സ്റ്റാൻഡുകളിൽ അസമയത്ത് തമ്പടിച്ചിരുന്ന 88 പേരെ ചോദ്യം ചെയ്ത് വിവരം ശേഖരിക്കുകയും, ക്രിമിനൽ പശ്ചാത്തലമുള്ളവരാണോയെന്ന് പരിശോധിച്ച് വരുന്നതുമാണ്. മോഷണം, കവർച്ച മുതലായ കേസ്സുകളിൽ ഉൾപ്പെട്ടിട്ടുള്ളതായ 69 പേരേ അവരുടെ വാസസ്ഥലങ്ങളിൽ നേരിട്ട് ചെന്ന് പരിശോധന നടത്തുകയും ചെയ്തിട്ടുള്ളതാണ്. പൊതുസ്ഥലങ്ങളിലും മറ്റും മദ്യപാനം നടത്തിയ 10 പേർക്കെതിരെ അബ്കാരി നിയമപ്രകാരവും, പൊതുജനശല്യമുണ്ടാക്കിയ 82 പേർക്കെതിരെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരവും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിർത്തി പ്രദേശങ്ങൾ കേന്ദ്രീകരിച്ചും, നഗരപ്രദേശങ്ങളിലും നടത്തിയ വാഹന പരിശോധനയിൽ നിയമ ലംഘനം നടത്തിയ 714 പേർക്കെതിരെ മോട്ടോർ വാഹന നിയമപ്രകാരം നടപടി സ്വീകരിക്കുകയും പിഴയായി 1,10,300 രൂപ ഈടാക്കുകയും ചെയ്തു.

Sd/-

ജില്ലാ പോലീസ് മേധാവി,

തൃശ്ശൂർ സിറ്റി.